**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **13-02-2025 - ൽ മറുപടിയ്ക്ക്**

**വേങ്ങേരി കാർഷിക വികസന കേന്ദ്രത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വേങ്ങേരി കാർഷിക വികസന കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വേങ്ങേരി കാർഷിക നഗര മൊത്ത വ്യാപാര വിപണി 2023 ഒക്ടോബർ മുതൽ കേരള അഗ്രോ ബിസിനസ് കമ്പനിയുടെ കീഴിലാണ്. പ്രസ്തുത വിപണിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി RKVY സ്കീമിൽ ഉൾപ്പെടുത്തി 8 കോടി രൂപയുടെ ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. കർഷകർക്കാവശ്യമായ വെയർ ഹൗസുകൾ, നോളഡ്ജ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായാണ് ഈ പദ്ധതി അംഗീകരിച്ചിട്ടുള്ളത്. കാർഷിക ഉൽപ്പന്നങ്ങളുടെ വിളവെടുപ്പിനുശേഷമുള്ള നഷ്ടം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വേങ്ങേരി മൊത്ത വ്യാപാര വിപണിയിൽ വെയർ ഹൗസുകൾ സ്ഥാപിക്കുന്നത്. കർഷകർക്ക് ആവശ്യമായ കൃഷിയുമായി ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ, മികച്ച കൃഷി സമ്പ്രദായങ്ങൾ, വിപണി പ്രവണത, കാലാവസ്ഥാ പ്രവചനം, സർക്കാർ നയങ്ങൾ എന്നിവ നോളഡ്ജ് സെന്ററിൽ നിന്നും കർഷകർക്ക് ലഭ്യമാവുന്നതാണ്. കൂടാതെ, ഒരു എക്സ്പോ സെന്റർ നിർമ്മിക്കുന്നതിനും വിപണിയിലെ മാലിന്യ സംസ്കരണത്തിനും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനും പദ്ധതികൾ നബാർഡിന്റെ RIAS സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക കേന്ദ്രം കർഷകർക്ക് കൂടുതൽ പ്രയോജനകരമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം B2B മീറ്റുകൾ, ഡി.പി.ആർ ക്ലിനിക്കുകൾ, മറ്റ് വിപണി വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ കേരള അഗ്രോ ബിസിനസ് കമ്പനി(കാബ്കോ) മുഖേന നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ